**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1933** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കൽ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. രാജ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സംരംഭ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആധുനിക കാലത്തെ അക്കാദമിക സാഹചര്യങ്ങളിൽ മൂല്യബോധമുള്ള വിദ്യാഭ്യാസ സമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം തൊഴിൽപരമായ നൈപുണ്യവും അതിലൂടെ സമ്പാദ്യ ശീലവും സാമ്പത്തിക സ്വാശ്രയത്വവും കൈവരിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ Earn While You Learn എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇന്റർനെറ്റിന്റെ സഹായത്തോടെയുള്ള തൊഴിൽ മേഖലകളായ വെബ് സൈറ്റ് അപ്ഡേഷൻ, ഡേറ്റ എൻട്രി, വെബ് ഡിസൈനിങ്, ഓൺലൈൻ മാർക്കറ്റിംഗ് കൂടാതെ ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ അവസരങ്ങളും, അധ്യാപനം, കൃഷി, ടാക്സ് കൺസൾട്ടൻസി, ഫോട്ടോഗ്രാഫി / വീഡിയോഗ്രാഫി, പ്ലംബിംഗ്, ഹൗസ് കീപ്പിങ്, മുതലായ നിരവധി തൊഴിൽ അവസരങ്ങൾ കേരളത്തിലെ സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുകയുണ്ടായി. ഇത് കൂടാതെ സീറോ വേസ്റ്റ് എന്ന ആശയത്തെ പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തോടെ തൃപ്പൂണിത്തുറ മ്യൂസിക് & ഫൈൻ ആർട്സ് കോളേജിലെ ഫൈൻ ആർട്സ് വിഭാഗത്തെ മുൻനിർത്തി ഒരു മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് സ്ഥാപിക്കാൻ 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, കെട്ടിടാവശിഷ്ടങ്ങൾ, ചില്ല് എന്നിവ പോലുള്ള ഉപയോഗശൂന്യമായ വസ്തുക്കളെ ഉപയോഗിച്ച് കലാഭാവനയോടെ മനോഹരമായ ചെറുതും വലുതുമായ ശില്പങ്ങൾ നിർമ്മിച്ച് അവ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ എന്നവിടങ്ങളിൽ സ്ഥാപിച്ച് പൊതു ജനങ്ങളിൽ അവബോധം ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള “Earn While You Learn” പദ്ധതിയും Kerala Knowledge Economy Mission ന്റെ “Connect Career to Campus” പദ്ധതിയും തമ്മിൽ സംയോജിപ്പിച്ച് കേരളത്തിലെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും career guidance, interview grooming support, Internships മുതലായവ സൃഷ്ടിക്കുവാൻ ഉള്ള സമഗ്ര പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ കോളേജുകളിലെ വിദ്യാർത്ഥികളിൽ ഈ പദ്ധതിയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാൻ ആദ്യഘട്ടത്തിൽ ഒരു mass campaign നടത്തിവരുകയാണ്. Kerala knowledge Economy Mission ന്റെ work management portal ആയ DWMS (Digital Work Management System) ന്റെ സേവനം പ്രസ്തുത പദ്ധതിക്ക് ഉപകാരപ്പെടുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് വരുകയാണ്. പഠനത്തോടൊപ്പം തൊഴിൽ പദ്ധതിയുടെ ഭാഗമായി, നിലവിൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന തൊഴിൽ അവസരങ്ങൾക്കൊപ്പം നൈപുണ്യ വികസനത്തിലും കരിയർ ഓറിയന്റെഡ് കോഴ്സുകളിലും അടിസ്ഥാനപ്പെടുത്തിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും, കോളേജ് അവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിചയ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഇന്റേൺഷിപ്പ് ഏർപ്പെടുത്തുവാനുള്ള വിവിധ പദ്ധതികൾ, Internship Partners നെ കണ്ടെത്തുന്നതിനുള്ള വിവിധ പരിപാടികൾ മുതലായവ Kerala Knowledge Economy Mission ന്റെ സഹായത്തോട് കൂടി നടപ്പിലാകുന്നതിനും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ Skill Training and Employment Enhancing Programme (STEEP) പദ്ധതിയും, ASAP Kerala നടത്തി വരുന്ന വിവിധ മൂല്യാധിഷ്ഠിത നൈപുണ്യ വികസന Skill Training കോഴ്സുകൾ, Soft Skill Training കോഴ്സുകൾ, core subject oriented and Other interdisciplinary job creation കോഴ്സുകൾ മുതലായവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ സർക്കാർ കോളേജുകളായ കട്ടപ്പന, മൂന്നാർ, ശാന്തൻപാറ എന്നീ കോളേജുകളിൽ മേൽ പ്രവർത്തികൾ ആദ്യഘട്ടമെന്നോണം നടത്തിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക്ക്

| | | | |
|---|---|---|---|
| | | | കോളേജിൽ തൊഴിൽ സംരഭ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി 29.09.2022 ലെ സ.ഉ (സാധാ) നം. 1437/2022/ഉവിവ പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.<br><br>പഠനത്തോടൊപ്പം വരുമാനം എന്ന ആശയം മുൻനിർത്തി 25/02/2019 തീയതിയിലെ സർക്കാർ ഉത്തരവ്: GO(Rt) No.319/2019/HEDN, പ്രകാരം സർക്കാർ പോളിടെക്നിക് കോളേജുകളിൽ "ഇൻഡസ്ട്രി ഓൺ ക്യാമ്പസ്" സ്ഥാപിക്കുന്നതിന് ഭരണപരമായ അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന ആശയം പ്രായോഗികവൽക്കരിക്കുന്നതിനും അതിലേക്ക് ആവശ്യമായ വ്യാവസായിക പരിശീലനങ്ങൾ പോളിടെക്‌നിക് കോളേജുകളിൽ നടപ്പിലാക്കുന്നതിനും ഏകദേശം 6.5 കോടി രൂപയുടെ ആധുനിക യന്ത്രങ്ങളും, ഉപകരണങ്ങളും വാങ്ങിച്ചു.<br><br>ഗവ. പോളിടെക്നിക്ക് കോളേജ് പാലക്കാട്, ഗവ. പോളിടെക്നിക്ക് കോളേജ് ആറ്റിങ്ങൽ, ഗവ പോളിടെക്നിക്ക് കോളേജ് പെരുമ്പാവൂർ എന്നീ സ്ഥാപനങ്ങൾ വർക്ക് എടുക്കുകയും വരുമാനം ഉണ്ടാക്കുകയും ചെയ്തു. മറ്റു പോളിടെക്നിക്കുകളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് യൂണിറ്റുകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br><br>5/02/2019 തീയതിയിലെ സർക്കാർ ഉത്തരവ്: GO (Rt) No.319/2019/HEDN, പ്രകാരം സർക്കാർ പോളിടെക്നിക്കുകളിൽ ആറരക്കോടി രൂപ ചെലവഴിച്ചു സ്ഥാപിക്കപെട്ട ഉപകരണങ്ങളിൽ ഇടുക്കി ജില്ലയിലെ മുട്ടം പോളിടെക്നിക്കിൽ CNC lathe മെഷീൻ സ്ഥാപിച്ചിരുന്നു. |
| (ബി) | ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | ആധുനിക കാലത്തെ അക്കാദമിക സാഹചര്യങ്ങളിൽ മൂല്യബോധമുള്ള വിദ്യാഭ്യാസ സമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം തൊഴിൽപരമായ നൈപുണ്യവും അതിലൂടെ സമ്പാദ്യ ശീലവും സാമ്പത്തിക സ്വാശ്രയത്വവും കൈവരിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ Earn While You Learn എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇന്റർനെറ്റിന്റെ സഹായത്തോടെയുള്ള തൊഴിൽ മേഖലകളായ വെബ് സൈറ്റ് അപ്ഡേഷൻ, ഡേറ്റ എൻട്രി, വെബ് ഡിസൈനിങ്, ഓൺലൈൻ മാർക്കറ്റിംഗ് കൂടാതെ ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ അവസരങ്ങളും, അധ്യാപനം, കൃഷി, ടാക്സ് |

കൺസൾട്ടൻസി, ഫോട്ടോഗ്രാഫി / വീഡിയോഗ്രാഫി, പ്ലംബിംഗ്, ഹൗസ് കീപ്പിങ്, മുതലായ നിരവധി തൊഴിൽ അവസരങ്ങൾ കേരളത്തിലെ സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുകയുണ്ടായി. ഇത് കൂടാതെ സീറോ വേസ്റ്റ് എന്ന ആശയത്തെ പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തോടെ തൃപ്പൂണിത്തുറ മ്യൂസിക് & ഫൈൻ ആർട്സ് കോളേജിലെ ഫൈൻ ആർട്സ് വിഭാഗത്തെ മുൻനിർത്തി ഒരു മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് സ്ഥാപിക്കാൻ 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, കെട്ടിടാവശിഷ്ടങ്ങൾ, ചില്ല് എന്നിവ പോലുള്ള ഉപയോഗശൂന്യമായ വസ്തുക്കളെ ഉപയോഗിച്ച് കലാഭാവനയോടെ മനോഹരമായ ചെറുതും വലുതുമായ ശില്പങ്ങൾ നിർമ്മിച്ച് അവ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ എന്നവിടങ്ങളിൽ സ്ഥാപിച്ച് പൊതു ജനങ്ങളിൽ അവബോധം ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള "Earn While You Learn" പദ്ധതിയും Kerala Knowledge Economy Mission ന്റെ "Connect Career to Campus" പദ്ധതിയും തമ്മിൽ സംയോജിപ്പിച്ച് കേരളത്തിലെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും career guidance, interview grooming support, Internships മുതലായവ സൃഷ്ടിക്കുവാൻ ഉള്ള സമഗ്ര പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ കോളേജുകളിലെ വിദ്യാർത്ഥികളിൽ ഈ പദ്ധതിയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാൻ ആദ്യഘട്ടത്തിൽ ഒരു mass campaign നടത്തിവരുകയാണ്. Kerala knowledge Economy Mission ന്റെ work management portal ആയ DWMS (Digital Work Management System) ന്റെ സേവനം പ്രസ്തുത പദ്ധതിക്ക് ഉപകാരപ്പെടുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് വരുകയാണ്. പഠനത്തോടൊപ്പം തൊഴിൽ പദ്ധതിയുടെ ഭാഗമായി, നിലവിൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന തൊഴിൽ അവസരങ്ങൾക്കൊപ്പം നൈപുണ്യ വികസനത്തിലും കരിയർ ഓറിയന്റെഡ് കോഴ്സുകളിലും അടിസ്ഥാനപ്പെടുത്തിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും, കോളേജ് അവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിചയ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി

ഇന്റേൺഷിപ്പ് ഏർപ്പെടുത്തുവാനുള്ള വിവിധ പദ്ധതികൾ, Internship Partners നെ കണ്ടെത്തുന്നതിനുള്ള വിവിധ പരിപാടികൾ മുതലായവ Kerala Knowledge Economy Mission ന്റെ സഹായത്തോട് കൂടി നടപ്പിലാകുന്നതിനും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ Skill Training and Employment Enhancing Programme (STEEP) പദ്ധതിയും, ASAP Kerala നടത്തി വരുന്ന വിവിധ മൂല്യാധിഷ്ഠിത നൈപുണ്യ വികസന Skill Training കോഴ്സുകൾ, Soft Skill Training കോഴ്സുകൾ, core subject oriented and Other interdisciplinary job creation കോഴ്സുകൾ മുതലായവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ സർക്കാർ കോളേജുകളായ കട്ടപ്പന, മൂന്നാർ, ശാന്തൻപാറ എന്നീ കോളേജുകളിൽ മേൽ പ്രവർത്തികൾ ആദ്യഘട്ടമെന്നോണം നടത്തിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക്ക് കോളേജിൽ തൊഴിൽ സംരഭ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി 29.09.2022 ലെ സ.ഉ (സാധാ) നം. 1437/2022/ഉവിവ പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.

പഠനത്തോടൊപ്പം വരുമാനം എന്ന ആശയം മുൻനിർത്തി 25/02/2019 തീയതിയിലെ സർക്കാർ ഉത്തരവ്: GO(Rt) No.319/2019/HEDN, പ്രകാരം സർക്കാർ പോളിടെക്നിക് കോളേജുകളിൽ "ഇൻഡസ്ട്രി ഓൺ ക്യാമ്പസ്" സ്ഥാപിക്കുന്നതിന് ഭരണപരമായ അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന ആശയം പ്രായോഗികവൽക്കരിക്കുന്നതിനും അതിലേക്ക് ആവശ്യമായ വ്യാവസായിക പരിശീലനങ്ങൾ പോളിടെക്നിക് കോളേജുകളിൽ നടപ്പിലാക്കുന്നതിനും ഏകദേശം 6.5 കോടി രൂപയുടെ ആധുനിക യന്ത്രങ്ങളും, ഉപകരണങ്ങളും വാങ്ങിച്ചു.

ഗവ. പോളിടെക്നിക്ക് കോളേജ് പാലക്കാട്, ഗവ. പോളിടെക്നിക്ക് കോളേജ് ആറ്റിങ്ങൽ, ഗവ പോളിടെക്നിക്ക് കോളേജ് പെരുമ്പാവൂർ എന്നീ സ്ഥാപനങ്ങൾ വർക്ക് എടുക്കുകയും വരുമാനം ഉണ്ടാക്കുകയും ചെയ്തു. മറ്റു പോളിടെക്നിക്കുകളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് യൂണിറ്റുകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| | | | 5/02/2019 തീയതിയിലെ സർക്കാർ ഉത്തരവ്: GO (Rt) No.319/2019/HEDN, പ്രകാരം സർക്കാർ പോളിടെക്നിക്കുകളിൽ ആറരക്കോടി രൂപ ചെലവഴിച്ച സ്ഥാപിക്കപ്പെട്ട ഉപകരണങ്ങളിൽ ഇടുക്കി ജില്ലയിലെ മുട്ടം പോളിടെക്നിക്കിൽ CNC lathe മെഷീൻ സ്ഥാപിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ